هيئة التعليم السنّي بعموم كيرالا
SAMASTHA KERALA SUNNI VIDYABHYASA BOARD (Regd.)

| President | General Secretary | Treasurer | Secretary |
|---|---|---|---|
| SAYED ALI BAFAQEE THANGAL QUILANDY | KANTHAPURAM A.P. ABOOBACKER MUSLIYAR | K.S. ATTAKOYA THANGAL KUMBOL | Prof. A.K. ABDUL HAMEED Msc KOZHIKODE |


Cir No: 226/2020

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിൽ നിന്ന് മദ്റസാ മാനേജിംഗ് കമ്മിറ്റികളെ അറിയിക്കുന്നത്.

السلام عليكم

മാന്യരേ,

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിന്റെ അംഗീകൃത മദ്റസകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ മദ്റസാ ക്ലാസുകൾ ആരംഭിച്ച് രണ്ട് മാസം പൂർത്തിയാവുകയാണല്ലോ. ജൂൺ തുടക്കത്തിൽ 10, 12 ക്ലാസുകളുടെ ഓൺലൈൻ പരീക്ഷ നടന്നതിനാൽ ജൂൺ പത്തിനാണ് നമ്മുടെ ക്ലസുകൾ ആരംഭിച്ചത്. ഓൺലൈൻ ക്ലാസുകൾ യഥാസമയം കുട്ടികളിൽ എത്തിക്കാൻ മുഅല്ലിംകളുടെയും മാനേജിംഗ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ നടത്തിയ എല്ലാ പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നു. അല്ലാഹു അർഹമായ പ്രതിഫലം നൽകുമാറാകട്ടെ..ആമീൻ

മുൻ സർക്കലറിൽ നിർദ്ദേശിച്ച പോലെ ഓരോ മദ്റസകളിലേയും അധ്യാപകർ ജൂൺ 3 മുതൽ തന്നെ മദ്റസകളിലെത്തി ഓൺലൈൻ പരീക്ഷക്ക് സൗകര്യം ചെയ്യുകയും ഓൺലൈൻ പഠനത്തിന് ക്ലാസ് അടിസ്ഥാനത്തിൽ രക്ഷാകർത്താക്കളുടെ വാട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കി കുട്ടികളുടെ പഠനത്തിന് മേൽ നോട്ടം വഹിക്കുകയും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ മൂല്യനിർണ്ണയം നടത്തുകയും ചെയ്തു വരുന്നതിൽ ഏറെ സന്തോഷമുണ്ട്. മുഅല്ലിംകൾക്ക് ആവശ്യമായ എല്ലാ പിന്തുണയും മേൽനോട്ടവും മാനേജിംഗ് കമ്മികൾ ചെയ്തുകൊടുക്കണം.

ഒരു മാസത്തെ ഓൺലൈൻ പഠനത്തിന് ശേഷം ജൂലൈ 20ന് ഓൺലൈൻ പരീക്ഷ നടത്തി ഫല പ്രഖ്യാപനം നടത്താനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

വെള്ളിയാഴ്ചകളിൽ നടത്തുന്ന ഫ്രൈഡെ മദ്റസക്കും മദ്റസാ മീഡിയയിലൂടെ നടത്തുന്ന മറ്റു പ്രോഗ്രാമുകൾക്കും വർധിച്ച ജനപിന്തുണയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. മദ്റസ മുഅല്ലിംകൾ നിശ്ചിത സമയത്തിനു ശേഷവും കഠിനാധ്വാനം ചെയ്യുന്നത് കൊണ്ടാണ് നമ്മുടെ മദ്റസാ പഠനം ഭംഗിയായി നടന്നു വരുന്നത്. അധ്യാപകർക്ക് വേതനം നൽകാനും അവരെ സഹായിക്കാനും നമ്മുടെ നേതൃത്വം ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ മാനേജിംഗ് കമ്മിറ്റികളും സഹകരിക്കുന്നുണ്ട്. സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടെങ്കിലും കൂട്ടമായ പരിശ്രമങ്ങളിലൂടെ അതിന് പരിഹാരം കണ്ടെത്തി മദ്റസാ മുഅല്ലിംകൾക്ക് വേതനം നൽകാൻ ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി അറിയിക്കുന്നു.

നമ്മുടെ മദ്റസാ സംവിധാനം ശക്തിപ്പെടുത്താനും അതിലൂടെ വരുംതലമുറയെ ദീനീ ചട്ടക്കൂട്ടിൽ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളിൽ മാനേജിംഗ് കമ്മിറ്റികളുടെ എല്ലാ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചു കൊണ്ട്...

കോഴിക്കോട്
27-07-2020

സെക്രട്ടറി
സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ്